പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1475 | 05-02-2019-ലെ മറുപടിയ്ക്ക്

## കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റോജി എം. ജോൺ</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ കാർഷിക മേഖല വലിയ തകർച്ചയെ നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മേഖലയിൽ പ്രളയക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭം മൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ഘടകം</th><th>രൂപ (കോടിയിൽ)</th></tr>
<tr><td>1.</td><td>വിളകൾക്കുണ്ടായ നാശനഷ്ടം</td><td>18545.25</td></tr>
<tr><td>2.</td><td>കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ)</td><td>326.25</td></tr>
<tr><td>3.</td><td>കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം</td><td>130.34</td></tr>
<tr><td></td><td>ആകെ</td><td>19001.84</td></tr>
</table></td></tr>
<tr><td>(ബി)</td><td>വരുമാന സാദ്ധ്യത പാടെ തകർന്ന കർഷകരുടെ വായ്പയ്ക്ക് ഏർപ്പെടുത്തിയ മൊറോട്ടോറിയം ഒരു ആശ്വാസ നടപടിയാണെന്ന് കരുതുന്നുണ്ടോ;</td><td>(ബി)</td><td>കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ തരം വായ്പകളുടെ ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് കർഷകർക്ക് ആശ്വാസം നൽകുന്ന നടപടിയാണ്.</td></tr>
<tr><td>(സി)</td><td>കർഷകരുടെ മുഴുവൻ കാർഷിക കടങ്ങളും എഴുതി തള്ളിയും</td><td>(സി)</td><td>സംസ്ഥാന തല ബാങ്കേഴ്സ് സമിതി പ്രത്യേക യോഗം കൂടി കാർഷിക വായ്പകൾക്ക്</td></tr>
</table>

| | | | | |
|---|---|---|---|---|
| | പുന:സൃഷ്ടിക്കായി പലിശ രഹിത വായ്പ ലഭ്യമാക്കിയും കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | മോറട്ടോറിയം, വായ്പകളുടെ പുന:ക്രമീകരണം, അധിക വായ്പ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വാണിജ്യ/ഷെഡ്യൂൾഡ് ബാങ്കുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള മറ്റു കടങ്ങൾ വിവിധ ഇളവുകളോടെ തീർപ്പാക്കുന്നതിനായി നവകേരളീയം കടിശ്ശിക നിവാരണം 2019 പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ആണ്. കർഷകർ ഉൾപ്പെടെയുള്ള പ്രളയബാധിതർക്ക് കുടുംബശ്രീ അയൽക്കൂട്ട സംവിധാനംവഴി ഒരു ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പ സഹകരണ ബാങ്കുകൾ വഴി നൽകിവരുന്നതായി സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെൽകൃഷിക്ക് വായ്പ എടുത്തശേഷം വായ്പ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കുന്ന പലിശ രഹിത വായ്പ പദ്ധതി സംസ്ഥാന സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**